# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 209 08.03.2017 ലെ മറുപടിക്ക്

## റവന്യൂ ചെലവ് കുറയ്ക്കാൻ നടപടികൾ

ചോദ്യം.

ശ്രീ. സണ്ണി ജോസഫ്

ശ്രീ. അടൂർ പ്രകാശ്

ശ്രീ.കെ.മുരളീധരൻ

ഉത്തരം.

ഡോ.തോമസ് ഐസക്

ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| എ | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ ചെലവ് കുറയ്ക്കാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്; | റവന്യൂ ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ആരോഗ്യം പോലുള്ള ചില മേഖലകളിലൊഴികെ പുതിയ സ്ഥാപനങ്ങളും തസ്തികകളും സൃഷ്ടിക്കുന്നത് കഴിവതും മാറ്റിവച്ചുകൊണ്ട് അടിയന്തരമായി ആവശ്യമുള്ള തസ്തികകൾ മാത്രം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിനും ചെലവ് ചുരുക്കുന്നതിനുമായി സർക്കാർ മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും ഇടരുന്നുണ്ട്. ഇത് പാലിക്കുന്നതിന് വകുപ്പ് തലവന്മാർക്ക് കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>സാമ്പത്തിക വർഷത്തിന്റെ രണ്ടാം പകുതിയിൽ നടപ്പിലാക്കിയ നോട്ടുനിരോധനം സർക്കാരിന്റെ വരുമാനത്തിൽ ഗണ്യമായ കുറവു വരുത്തി. എന്നാൽ റവന്യൂ ചെലവിൽ ഇതിനാനുപാതികമായി കുറവ് വരുത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുണ്ടായിരുന്നത്. ആയതിനാൽത്തന്നെ റവന്യൂക്കമ്മിയിൽ ഗണ്യമായ കുറവു വരുത്താനും കഴിഞ്ഞിട്ടില്ല. സാമൂഹിക ക്ഷേമ / സുരക്ഷാ ചെലവുകൾ വെട്ടിച്ചുരുക്കേണ്ടിവരും എന്നതിനാലാണ് സർക്കാർ ഇതിന് ശ്രമിക്കാത്തത്. കുടിശ്ശിക ക്ഷേമ പെൻഷനുകൾ കൊടുത്തുതീർക്കൽ, ശമ്പള പരിഷ്കരണത്തിന്റെ അധിക ബാധ്യത എന്നിവ ചെലവ് വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. |
| ബി | അതുമൂലം റവന്യൂ ചെലവിനത്തിൽ എന്ത് കുറവ് വന്നുവെന്നും റവന്യൂ കമ്മി നിയന്ത്രണവിധേയമാക്കുവാൻ ഈ നടപടി എന്തുമാത്രം സഹായകരമായി എന്നും വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ